മുതലപ്പൊഴി ഫിഷിംഗ് ഹാർബർ

2 (1193) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്രാനുമതിക്ക് സംസ്ഥാനസർക്കാർ ശുപാർശ നൽകിയതെന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രാനുമതിക്കായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം വിധത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 14-10-1998-ൽ സമർപ്പിച്ചു. ബാംഗ്ലൂരിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫോർ ഫിഷറി എന്ന സ്ഥാപനത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം പുതിയ പ്രോജക്ട് റിപ്പോർട്ട് 1-10-1999-ൽ വീണ്ടും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു.

(സി) ഉണ്ട്.

(ഡി) കേന്ദ്രഗവൺമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യത്തിലുള്ള പുരോഗതി അവലോകനം ചെയ്തുവരുന്നു.

നാടൻകലാ അക്കാദമിയുടെ പ്രവർത്തനം വിപുലീകരിക്കൽ നടപടി

3 (1196) ശ്രീ. എം. വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻകലാ അക്കാദമിയുടെ പ്രവർത്തനം വിപുലീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിനാവശ്യമായ തുക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അക്കാഡമിയുടെപ്രവർത്തനങ്ങൾക്കായി ഇതിനകം എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) അക്കാഡമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാടൻകലാഅക്കാഡമി അതിന്റെ പ്രവർത്തനം വിപുലീകരിക്കാനായി ജില്ലകൾതോറും നാടൻ കലാസംഘങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, നാട്ടുപൊലിമാ സാംസ്ക്കാരിക പരിപാടികൾ, അവശകലാകാരന്മാർക്ക് ചികിത്സാധനസഹായം, നാടൻ

LIBRARY ARCHIVES Kerala Legislative Assembly

കലകൾ പഠിശീലിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പെന്റ്, കലാകാരൻമാരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചുവരുന്നു. നാടൻ പാട്ട്, ശില്പശാല, ഫോക്‌ലോർ മ്യൂസിയത്തിന്റെ സ്ഥാപനം, ഫോക്‌ലോർ ഡയറക്ടറി പ്രസിദ്ധീകരണം, നാടൻകലകളുടെ ഡോക്യുമെന്റേഷൻ ജനകലാ മാസികയുടെ പ്രസിദ്ധീകരണം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) ഇതുവരെ 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് പ്രത്യേകം പദ്ധതികളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങൾ

4 (1197) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിനു കീഴിൽ എത്ര ഹെറിറ്റേജ് മ്യൂസിയങ്ങൾ ഉണ്ട് ; അവ എവിടെയെല്ലാം ;

(ബി) ഇവ ഏത് വർഷങ്ങളിലാണ് ആരംഭിച്ചത് ;

(സി) നിലവിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങളിൽ പ്രധാനമായും പ്രദർശിപ്പിച്ചിട്ടുള്ള വസ്തുക്കൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ട്, തൃപ്പൂണിത്തുറ ആർക്കിയോളജിക്കൽ മ്യൂസിയത്തിലും തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരവളപ്പിലും.

(ബി) തൃപ്പൂണിത്തുറ ആർക്കിയോളജിക്കൽ മ്യൂസിയത്തിലുള്ള ഹെറിറ്റേജ് മ്യൂസിയം 1995-ലും പത്മനാഭപുരം കൊട്ടാരവളപ്പിലുള്ള ഹെറിറ്റേജ് മ്യൂസിയം 1998-ലുമാണ് ആരംഭിച്ചത്.

(സി) ഉദ്ദേശിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വികസന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള തറവാടുകളിൽ ഉപയോഗിച്ചിരുന്ന വിളക്കുകൾ, കിണ്ടികൾ, അടുക്കളസാധനങ്ങൾ, വാളുകൾ, കട്ടിൽ, ലേഡീസ് മുറിയിലുള്ള സാധനങ്ങൾ, കാരണവരുടെ മുറിയിലുള്ള സാധനങ്ങൾ, കലവറയിലുള്ള സാധനങ്ങൾ, എണ്ണതേപ്പ് മുറിയിലുള്ള സാധനങ്ങൾ എന്നിവയാണ് പ്രധാനമായും പ്രദർശിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly